## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5724 03.11.2016-ൽ മറുപടിയ്ക്ക്

## തിരുവമ്പാടി മൃഗാശുപത്രിയിൽ ജീവനക്കാരുടെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോർജ് എം.തോമസ്** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) 2013-ൽ സർക്കാർ ഉത്തരവ് പ്രകാരം വെറ്ററിനറി പോളിക്ലിനിക്കിനായി ഉയർത്തിയ തിരുവമ്പാടി മൃഗാശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പദവി ഉയർത്തപ്പെട്ടതിന്റെ ഭാഗമായി ഏതെല്ലാം തസ്തികകളാണ് പുതുതായി സൃഷ്ടിച്ചതെന്നും ഈ തസ്തികകളിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ; | (ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 180/2014/എ.ഡി തീയതി 25.08.2014 പ്രകാരം തിരുവമ്പാടി വെറ്ററിനറി പോളിക്ലിനിക്കിൽ ഒരു വെറ്ററിനറി സർജന്റെയും, ഒരു ലാബ് ടെക്നീഷ്യന്റെയും (ഗ്രേഡ് 2) തസ്തികകളാണ് പുതുതായി അനുവദിച്ചത്. വെറ്ററിനറി പോളിക്ലിനിക്കിന്റെ ആഫീസ് മേധാവി സീനിയർ വെറ്ററിനറി സർജൻ ആയതിനാൽ പുതുതായി അനുവദിച്ച വെറ്ററിനറി സർജൻ തസ്തികയിൽ മാറ്റം വരുത്തി സീനിയർ വെറ്ററിനറി സർജൻ തസ്തിക അനുവദിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു സീനിയർ വെറ്ററിനറി സർജൻ തസ്തികയോ സമാന തസ്തികയായ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയോ തിരുവമ്പാടി വെറ്ററിനറി പോളിക്ലിനിക്കിലേക്ക് ഷിഫ്റ്റ് ചെയ്യുകയും പകരം അവിടെ വെറ്ററിനറി സർജൻ തസ്തികയാക്കി മാറ്റാനും സർക്കാർ |

| | |
|---|---|
| | നിർദ്ദേശിച്ചിരുന്നു. എന്നാൽ വകുപ്പിൽ ഷിഫ്റ്റ് ചെയ്യാൻ സീനിയർ വെറ്ററിനറി സർജൻ/അസിസ്റ്റന്റ് ഡയറക്ടർ തസ്തിക ഇല്ലാതിരുന്നതിനാലാണ് നിയമനം നടത്താതിരുന്നത്. |
| (സി) ഈ തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ